**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5573** **15-03-2023 - ൽ മറുപടിയ്ക്ക്**

**കായിക പ്രതിഭകളായ കുട്ടികൾക്കുള്ള പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് അനുയോജ്യമായ കായിക ഇനത്തിൽ പരിശീലനം നൽകുന്നതിനുമായി കായിക വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. വിവിധ കായികയിനങ്ങളിൽ തൽപരരായ കായിക പ്രതിഭകളായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ് ബോൾ, അത്‌ലറ്റിക്സ്, ജൂഡോ, ബോക്സിംഗ്, ഫുട്ബോൾ എന്നീ കായികയിനങ്ങളിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി കായികയുവജനകാര്യാലയം മുഖേന ഹൂപ്സ്, സ്പ്രിന്റ്, ജൂഡോക്ക, പഞ്ച്, ഗോൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ ഫിറ്റ്നസ് ലെവൽ തിരിച്ചറിയുന്നതിനും അതിലൂടെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ഹെൽത്ത് & ഫിറ്റ്നസ് അസസ്മെന്റ് & ആന്റി ഡ്രഗ് അവയർനസ് ക്യാമ്പെയ്ൻ. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ <u>അനുബന്ധമായി</u> ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1) **ഹൂപ്സ്** - ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നു.

2) **സ്പ്രിന്റ്** :- ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി 5 മുതൽ 12 വയസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നു.

3) **ജൂഡോക്ക** :- അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു.

4) **പഞ്ച്.**കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനും പ്രതിഭാ വികസന ഘടനയെ താഴെത്തട്ടിൽ ശക്തിപ്പെടുത്തുന്നതിനുമായി, ബോക്സിംഗിനായി ഒരു ഗ്രാസ് റൂട്ട് പരിശീലന പരിപാടി പഞ്ച് എന്ന പേരിൽ നടപ്പിലാക്കി വരുന്നു. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.

5) **ഗോൾ**:- മികച്ച ഫുട്ബോൾ കളിക്കാരെ സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന പരിശീലന പദ്ധതിയായ ഗോൾ പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

6) ഹെൽത്ത് ആൻറ് ഫിറ്റ്നസ് അസസ്മെന്റ് ആൻറ് ആൻറി ഡ്രഗ് അവയർനസ് ക്യാമ്പെയ്ൻ:- വിദ്യാർത്ഥികളുടെ ആരോഗ്യ-കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുക എന്നീ ലക്ഷ്യങ്ങളോടു കൂടി കേരള സർക്കാർ കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്ത് ആൻറ് ഫിറ്റ്നസ് അസസ്മെന്റ് ആൻറ് ആൻറി ഡ്രഗ് അവയർനസ് ക്യാമ്പെയ്ൻ. 6 മുതൽ 12 വരെയുള്ള ക്ലാസിലെ 12 നും 17 നും ഇടയിൽ പ്രായമുള്ള പതിനായിരം കുട്ടികളായിരിക്കും ആദ്യ ഘട്ടത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാനത്തുടനീളമുള്ള ഓരോ അത്‌ലറ്റിന്റെയും വസ്തുനിഷ്ഠമായ വിശകലനം നടത്തുന്നതിനായി വിദ്യാർത്ഥിയുടെ ഫിറ്റ്നസ് ലെവലും മറ്റ് അവശ്യ വൈദഗ്ധ്യങ്ങളും വിലയിരുത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. കായികതാരങ്ങളുടെ ആരോഗ്യനിലയും ഫിറ്റ്നസ്സും നിർണയിക്കാൻ സഹായിക്കുന്ന മൂല്യനിർണയ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ വിദ്യാർത്ഥികളുടെ ഫിറ്റ്നസ് ലെവൽ തിരിച്ചറിയാനും അതുവഴി കഴിവുള്ള പ്രതിഭകളെ തിരിച്ചറിയാനും ഈ വിവരങ്ങൾ ഉപയോഗിച്ച് അവർക്ക് പരിശീലന പ്രോട്ടോകോൾ രൂപകൽപ്പന ചെയ്യാനും കഴിയും. ആധുനിക സംവിധാനങ്ങളോടു കൂടിയ പ്രത്യേക രീതിയിൽ സജ്ജീകരിച്ച ബസ് ഓരോ സ്കൂളുകളും സന്ദർശിച്ച് സെലക്ഷൻ ടെസ്റ്റ് നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**